(ജി) നടത്തുമെങ്കിൽ എന്നത്തേക്ക് പണം മുഴുവനും പിരിച്ചെടുക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 68.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) 1977–78 വരെയുള്ള പഴയ കുടിശ്ശിക ഇനത്തിൽ 31.8.1978 തിയ്യതി വരെയുള്ള കണക്കു പ്രകാരം 4,12,44,923.59 (നാലുകോടി പന്ത്രണ്ടു ലക്ഷത്തി നാൽപത്തിനാല് ആയിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്നു രൂപാ 59 പൈസയും) 1978.79ലെ ലേല കുടിശ്ശികയിനത്തിൽ 31.1.79-ൽ (Current arrears) 4,67,40,417.00 (4 കോടി 67 ലക്ഷത്തി നാൽപതിനായിരത്തി നാനൂററിപതിനേഴു രൂപയും) പിരിഞ്ഞു കിട്ടുവാനുണ്ട്.

(ഇ) 'അനിയന്ത്രിതമായി' സ്റേറ നൽകിയിട്ടില്ല. തന്നാണ്ടത്തെ (1979.80) അബ്കാരി ലേലം സമീപിച്ചിരിക്കയാൽ കിസ്തു കുടിശ്ശിക പിരിച്ചെടുക്കാനുള്ള സൗകര്യത്തിനു വേണ്ടി നിലവിലുള്ള സ്റേറ ഉത്തരവുകൾ ദുർബലപ്പെടുത്തണമെന്ന് അന്നത്തെ എക്സൈസ് കമ്മീഷണർ ഗവൺമെൻറിനോട് അഭ്യർത്ഥിച്ചിരുന്നു. സ്റേറ ഉത്തരവു ലഭിച്ചതുകൊണ്ടു മാത്രം ഒരു കുടിശ്ശികക്കാരനു ലേലത്തിൽ പങ്കെടുക്കാനുള്ള അയോഗ്യത മാറിക്കിട്ടുകയില്ല. അതിനാൽ ഈ കത്തിനു വലിയ പ്രസക്തിയൊന്നുമില്ല.

(എഫ്) അബ്കാരി ലേലത്തിൽ കിട്ടാനുള്ള പണം മുഴുവനും പിരിച്ചെടുക്കാൻ തീവ്രശ്രമം ഇപ്പോഴും തന്നെ നടത്തുന്നുണ്ട്.

(ജി) ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പു തന്നെ പരമാവധി കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

വെച്ചൂച്ചിറ–തിരുവനന്തപുരം ഫാസ്റ് പാസഞ്ചർ സർവ്വീസ്

600 [869] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെച്ചൂച്ചിറ നിവാസികൾക്ക് തലസ്ഥാന നഗരിയിലേക്ക് നേരിട്ടുള്ളതായൊരു യാത്രാസൗകര്യവും ഇല്ല എന്ന വസ്തുത കണക്കിലെടുത്ത് വെച്ചൂച്ചിറ–തിരുവനന്തപുരം റൂട്ടിൽ ഒരു ഫാസ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വെച്ചൂച്ചിറനിന്നും തലസ്ഥാന നഗരിയിലേക്ക് നേരിട്ടു ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്നില്ല. എന്നാൽ വെച്ചൂച്ചിറയിൽ നിന്നും പത്തനംതിട്ടയിലേക്കും അവിടെ നിന്നും തിരുവനന്തപുരത്തേക്കും ഇപ്പോഴും ആവശ്യാനുസരണം സർവ്വീസുകൾ നിലവിലുണ്ട്. ആയതിനാൽ വെച്ചൂച്ചിറനിന്നും തിരുവനന്തപുരത്തേക്ക് നേരിട്ട് ഒരു ഫാസ്റ് പാസഞ്ചർ സർവ്വീസിന്റെ ആവശ്യകത തൽക്കാലം കാണുന്നില്ല; മാത്രവുമല്ല പല സ്ഥലങ്ങളിൽനിന്നും നേരിട്ടു തലസ്ഥാന നഗരിയിലേക്കുള്ള സർവ്വീസുകൾ ലാഭകരമല്ലാത്തതിനാലും, വാഹനദൗർലഭ്യത്താലും ഈ നിർദ്ദേശം തൽക്കാലം പരിഗണിക്കാൻ നിവർത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly